പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 563 25-10-2011 - ൽ മറുപടിക്ക്

**ആന്റി റാഗിംഗ് മോണിറ്ററിംഗ് സെല്ലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ കെ.ശിവദാസൻ നായർ | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് നിരോധനം നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ) പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് നിരോധനം നടപ്പാക്കാൻ കോളേജ് തലത്തിൽ ആന്റി റാഗിംഗ് കമ്മിറ്റിയും ആന്റി റാഗിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് റാഗിംഗ് നിരോധന നടപടികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഏതെങ്കിലും തരത്തിൽ റാഗിംഗിന് വിധേയരാകുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെടേണ്ട ആന്റി റാഗിംഗ് സ്ക്വാഡ് അംഗങ്ങളുടെയും കോളേജ് അധികാരികളുടെയും ഫോൺ നമ്പരുകളും, മൊബൈൽ നമ്പരുകളും മറ്റു വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മാത്രമല്ല റാഗിംഗ് നിരോധ പോസ്റ്ററുകളും, റാഗ് ചെയ്താലുള്ള പ്രത്യാഘാതങ്ങളെ കുറിച്ചുള്ള പോസ്റ്ററുകളും കോളേജ് ക്യാമ്പസിനകത്തും വിദ്യാർത്ഥികൾ സമ്മേളിക്കുന്ന ലൈബ്രറി, കാന്റീൻ എന്നീ പൊതുസ്ഥല |

| | |
|---|---|
| | ങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള എല്ലാ കോളേജുകളിലും റാഗിംഗിനെതിരെയായ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും എല്ലാ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതുമാണ്. ഏതെങ്കിലും പരാതികൾ ലഭിക്കുക യാണെങ്കിൽ പ്രസ്തുത കമ്മിറ്റികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ പ്രൊഫഷണൽ കോളേജുകൾക്കും സുപ്രീംകോടതി നിർദ്ദേശപ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷൻ റാഗിംഗിനെതിരെ പുറപ്പെടുവിച്ചിട്ടുള്ള, റഗുലേഷൻ നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും അവ നടപ്പക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. |
| ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ കീഴിൽ ഇതിനായി ആന്റി റാഗിംഗ് മോണിറ്ററിംഗ് സെൽ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;<br><br>സി) ഏതെങ്കിലും സർവ്വകലാശാലയിൽ ഇത്തരം സെല്ലുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;<br><br>ഡി) എല്ലാ സർവ്വകലാശാലകളിലും ഇത്തരം മോണിറ്ററിംഗ് സെല്ലുകൾ ആരംഭിക്കാൻഎന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്? | ബി, സി & ഡി<br><br>എല്ലാ സർവ്വകലാശാലകളിലും ആന്റി റാഗിംഗ് മോണിറ്ററിംഗ് സെൽ പ്രവർത്തനത്തിലുണ്ട് |

സെക്ഷൻ ഓഫീസർ